II ഇ.ബി. XI-കേരള നിയമസഭ/IV-3

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

# ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂൺ 14, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

17 ( * 61 ) എ.ഡി.ബി.യുടെ വായ്പ ലഭിക്കുന്നതിനായി മുൻ ഗവൺമെന്റ് കൈക്കൊണ്ടിരുന്ന നടപടികൾ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി ( ശ്രീ കെ. ശങ്കരനാരായണൻ) നൽകിയ മറുപടിയിൽ, എ.ഡി.ബി. വായ്പ ലഭിക്കുന്നതിനുവേണ്ടി പൊതുമേഖലാസ്ഥാപനങ്ങളിലെ അധിക ജീവനക്കാരെ കണ്ടെത്തുന്നതിനും അവർക്ക് വി.ആർ.എസ്. ബാധകമാക്കുവാനും മുൻ ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിരുന്നുവെന്ന് സഭയെ അറിയിച്ചു. എ.ഡി.ബി.യും സംസ്ഥാനഗവൺമെന്റ് പ്രതിനിധികളും തമ്മിൽ നടത്തിയ ചർച്ചയിൽ, പൊതുമേഖലയിൽ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തുക, ചെറുകിട വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുവാൻ ദീർഘകാലപദ്ധതികൾ ആവിഷ്ക്കരിക്കുക, സ്വകാര്യ നിക്ഷേപങ്ങൾക്കുതകുന്ന സാഹചര്യം ഒരുക്കുക എന്നിവ ഉൾപ്പെട്ടിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ് ചർച്ച ആരംഭിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം പുതിയ നിർദ്ദേശങ്ങളൊന്നും ചർച്ചകളിൽ ഉൾപ്പെടുത്തുകയോ എ.ഡി.ബി. യുമായി കരാറുകൾ ഒപ്പു വയ്ക്കുകയോ ചെയ്തിട്ടില്ല. ഏഴുതവണ ഇതു സംബന്ധിച്ച ചർച്ച

കൾ നടന്നിട്ടുണ്ടെങ്കിലും അവസാന തീരുമാനമെടുത്തിട്ടില്ല. സംസ്ഥാനത്തിന് ദോഷകരമായ ഒരു നിർദ്ദേശവും സ്വീകാര്യമല്ലെന്ന് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റ വികസനപ്രവർത്തനങ്ങൾക്ക് എ.ഡി.ബി. വായ്പ ലഭ്യമാക്കണമെന്നുതന്നെയാണ് ഗവൺമെന്റ് കരുതുന്നത്. സംസ്ഥാനഗവൺമെന്റ് എ.ഡി.ബി.യുമായി ഇതുവരെ നടത്തിയ ചർച്ചകൾ പരസ്യപ്പെടുത്തിയിട്ടുണ്ടെന്നും തുടർന്നുള്ള ചർച്ചകളും സുതാര്യമായിരിക്കുമെന്നും .ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

18 ( *62 ) <u>റേഷൻ കടകളെ മാർജിൻ ഫ്രീ മാർക്കറ്റ് ആക്കി മാറ്റുന്ന നടപടി</u>

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി ( ശ്രീ ജി. കാർത്തികേയൻ) നൽകിയ മറുപടിയിൽ ,നിലവിലുള്ള റേഷൻകടകളെ മാർജിൻഫ്രീ മാർക്കറ്റുകളാക്കി മാറ്റുന്ന കാര്യം പരിഗണനയിലില്ലെന്ന് സഭയെ അറിയിച്ചു. ഇപ്പോഴത്തെ അവസ്ഥയിൽ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, ലാഭം സ്റ്റോറുകൾ എന്നിവയെ റേഷൻ കടകളെ ഏൽപ്പിക്കുന്നത് ബുദ്ധിമുട്ടാണ്. റേഷൻ ഡീലേഴ്സിന്റെ കമ്മിഷൻ വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച ശിവശങ്കർ കമ്മിഷൻ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഈ ന്യായമായ അവകാശം പരിഗണിക്കുന്നതാണ്. റേഷനരിയുടെ കാര്യത്തിൽ ഏകീകൃത വില നിശ്ചയിക്കണമെന്ന സംസ്ഥാനഗവൺമെന്റിന്റെ ആവശ്യം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. കേരളത്തിലെ റേഷനിംഗ് സമ്പ്രദായത്തോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെതിരെ ശക്തമായി പ്രതികരിച്ചിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രി വിളിച്ചുകൂട്ടിയ സംസ്ഥാന മുഖ്യമന്ത്രിമാരുടെ യോഗത്തിൽ, കേന്ദ്ര ഭക്ഷ്യനയം കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തെ തകർക്കുമെന്നും അതിനോട് യോജിക്കുന്നില്ലെന്നും വ്യക്തമാക്കിയിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി. മാർജിൻഫ്രീ മാർക്കറ്റുകളെ നിയന്ത്രിക്കാനാവശ്യമായ നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. കേന്ദ്രഗവൺമെന്റ് എടുത്തുകളഞ്ഞ ലൈസൻസിംഗ് സംപ്രദായം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. രണ്ടുവർഷത്തിലധികം പഴക്കമുള്ള ഭക്ഷ്യ സാധനങ്ങൾ എഫ്.സി.ഐ. യിൽനിന്ന് എടുക്കാൻ പാടില്ലെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. അതിനെതിരെ പ്രവർത്തിക്കുന്നവരുടെ ലൈസൻസ് റദ്ദു ചെയ്യുന്നതാണ്. ജൂൺ, ജൂലായ് മാസങ്ങളിൽ ആവശ്യമായ പച്ചരി നൽകാമെന്ന് കേന്ദ്ര ഗവൺമെന്റ് ഉറപ്പു നൽകിയിട്ടുണ്ട്. മണ്ണെണ്ണയുടെ ക്വാട്ട വർദധിപ്പിക്കാൻ ശ്രമിക്കുന്നതാണെന്ന് മറ്റൊരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

19 ( 63 ) <u>നിലം കൃഷി ചെയ്യുന്നതിനാവശ്യമായ സഹായവും ഇൻസെന്റീവും നൽകണമെന്ന ആവശ്യം</u>

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ) നൽകിയ മറുപടിയിൽ, സ്വന്തം നിലം കൃഷി ചെയ്യുന്നതിന് കർഷകരെ സഹായിക്കുന്നതിനായി ഉല്പാദന ഇൻസെന്റീവ് ഉൾപ്പെടെ വിവിധ പദ്ധതികൾ ഇപ്പോൾത്തന്നെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു.. നെൽ കർഷകർക്കായി 2001–2002–ൽ നൽകിയ സഹായ ങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| (1 ) ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെ നെല്ലടിസ്ഥാനമാക്കിയുള്ള കൃഷി സംവിധാനങ്ങളുടെ പരിപോഷണം | (രൂപ ലക്ഷത്തിൽ) 615 |
| (2) കേന്ദ്രാവിഷ്ക്കൃത നെൽക്കൃഷി വികസന പദ്ധതി | 1400 |
| (3) വൈദ്യുതി സൗജന്യം | 300 |
| (4) നെൽക്കൃഷി മിനികിറ്റ് | 11 |

ഇതിനുപുറമെ സ്പെഷ്യൽ പാക്കേജ് വഴി പ്രൊഡക്ഷൻ ഇൻസെന്റീവായി 8 കോടി രൂപയും നെല്ലു വാങ്ങലിന് ഹാന്റ്ലിംഗ് ചാർജായി 6 കോടി രൂപയും അനുവദിച്ചു കൊടുത്തിട്ടുണ്ട്.. നെൽക്കൃഷി മേഖല ആധുനികവൽക്കരിച്ച് , അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി കൂടുതൽ ലാഭകരമാക്കാനുള്ള നടപടകളെടുക്കേണ്ടതുണ്ട്. കേരളത്തിലെ മുനിസിപ്പൽ–കോർപ്പറേഷൻ പരിധിയിൽ ഗ്രീൻ സ്ട്രിപ്പിന്റെ പേരിൽ വീടുകളും പണിശാലകളും നിർമ്മിക്കുന്നതിനുണ്ടായി രുന്ന നിബന്ധനയിൽ ഇളവു കൊടുത്തിട്ടുണ്ട്. വീടു വയ്ക്കാൻ സ്വന്തമായി സ്ഥലമില്ലാത്ത വർക്ക്, കൃഷിക്ക് ദോഷകരമല്ലാത്ത വിധത്തിൽ 5 സെന്റു ഭൂമി ഹൗസ് സൈറ്റിന് നൽകുന്ന തിന് അനുവാദം കൊടുത്തിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാ ക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

20(*64) <u>കൊപ്ര സംഭരണം</u>

കൃഷിയും കയറും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 31–3–2002 വരെ 352 ടൺ കൊപ്ര സംഭരിച്ചുവെന്ന് അറിയിച്ചു.

21(*70) <u>കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം</u>

കൃഷിയും കയറും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ , കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ കാർഷിക വികസനത്തിനായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിയതിനു പുറമെ 95 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് നടപടികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ

ആധുനിക ജൈവസാങ്കേതിക വിദ്യയും വിവര സാങ്കേതിക വിദ്യയും പരമാവധി പ്രയോജനപ്പെടുത്തി വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിച്ചും ചെലവു കുറഞ്ഞ കൃഷി രീതികൾ സ്വീകരിച്ചും കൃഷി ലാഭകരമാക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകാൻ ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. 2001–02–ൽ കൃഷിക്കും മണ്ണുസംരക്ഷണത്തിനുംകൂടി ആകെ അനുവദിച്ച 156.57 കോടി രൂപയിൽ 129.90 കോടി രൂപ ചെലവഴിച്ചു..

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

17(314) <u>ട്രഷറി കാഷ് ബാലൻസ്</u>

2001 മേയ് മാസം 17–ാം തീയതിയിലെ റിസർവ് ബാങ്ക് കണക്കനുസരിച്ച് കേരളം 169.56 കോടി രൂപ ഓവർഡ്രാഫ്റ്റിലായിരുന്നു.

18(316) <u>നോൺ–ടാക്സ് റവന്യു ഇനത്തിൽ പ്രതീക്ഷിക്കുന്ന വരുമാനം</u>

2001–02–ലെ ബഡ്ജറ്റിൽ നോൺ ടാക്സ് റവന്യു ഇനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 715.92 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു.. 31–1–2002 വരെയുള്ള ഏ.ജി.യുടെ താല്ക്കാലിക കണക്കനുസരിച്ച് ഈ ഇനത്തിലുള്ള യഥാർത്ഥ വരുമാനം 409.21 കോടി രൂപയാണ്.

19(325) <u>വില്പന നികുതി ഇനത്തിൽ പ്രതീക്ഷിക്കുന്ന വരുമാനം</u>

വില്പന നികുതി ഇനത്തിൽ 2002–03 സാമ്പത്തികവർഷം 5600.40 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്.. 31–5–02–ലെ കണക്കനുസരിച്ച് ലക്ഷ്യം കൈവരിക്കാൻ ഇനി 5083.59 കോടി രൂപ കൂടി പിരിക്കണം.

20(327) <u>2001–02–ൽ കേന്ദ്ര സർക്കാരിൽനിന്നും ഷെയർ,ഗ്രാന്റ് എന്നീ ഇനങ്ങളിൽ ലഭിച്ച തുക</u>

താല്ക്കാലിക കണക്കനുസരിച്ച് 2001–02–ൽ കേന്ദ്ര സർക്കാരിൽ നിന്ന് നികുതിയുടെ ഷെയർ ഇനത്തിൽ 1628.11 കോടി രൂപയും ഗ്രാന്റായി 967.36 കോടി രൂപയും ലഭിച്ചു.

21(333) <u>സംസ്ഥാനത്തിന്റെ ആഭ്യന്തര കടം</u>

31–1–2002 വരെയുള്ള എ.ജി.യുടെ താല്ക്കാലിക കണക്കനുസരിച്ച് ആഭ്യന്തര കടം ആകെ 8782.30 കോടി രൂപയും കേന്ദ്ര സർക്കാരിൽനിന്നുള്ള വായ്പ 6343.20 കോടി രൂപയുമാണ്.

22(335) കരാറുകാർക്ക് കൊടുക്കുവാനുള്ള തുക

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കരാറുകാർക്ക് 873.39 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു. ഇപ്പോൾ അത് 637.48 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്.

23(340) ജനകീയാസൂത്രണത്തിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ തുക

2000-01-ൽജനകീയാസൂത്രണത്തിനുവേണ്ടി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് 748.05 കോടി രൂപ (അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം) നല്കിയിട്ടുണ്ട്..

24(351) 2002-ലെ ബഡ്ജറ്റിൽ വിഭാവനം ചെയ്ത ടാക്സ് റവന്യൂ

2001-02-ൽ ബഡ്ജറ്റിൽ വിഭാവനം ചെയ്ത ടാക്സ് റവന്യൂ 9062.86 കോടി രൂപയും 2002-03-ൽ 9645.33 കോടി രൂപയുമാണ്.

25(359) സംസ്ഥാന ഭാഗ്യക്കുറികളിലൂടെ ലഭിക്കുന്ന വരുമാനം

ഭാഗ്യക്കുറി വകുപ്പിന്റെ കഴിഞ്ഞ മൂന്നുവർഷത്തെ വരുമാനം 1999-2000 ൽ -101,38,30,047 രൂപയും 2000-01-ൽ 134,16,84,790 രൂപയും 2001-02-ൽ 122,68,76,515 രൂപയുമാണ്. ക്ളെയിം ചെയ്തുകഴിഞ്ഞ സമ്മാനം ലഭിച്ചവരുടെ കേസുകളിൽ ഇനി, 5,70,45,528 രൂപ അനുവദിച്ചു നൽകാനുണ്ട്.

26(399) റേഷൻ കാർഡുടമകളുടെ എണ്ണം

സംസ്ഥാനത്ത് ഇപ്പോൾ 6,389,079 കാർഡുടമകളാണുള്ളത്.

27(465) കേരളത്തിലെ വന വിസ്തൃതി

കേരളത്തിലെ വനത്തിന്റെ ആകെ വിസ്തൃതി 11221 ചതുരശ്ര കിലോമീററാണ്.

---